

**തൃക്കാക്കര ഭാരതമാതാ കോളജിൽ 19-ാം മത് കർദിനാൾ ജോസഫ് പാറേക്കാട്ടിൽ അനുസ്മരണ പ്രഭാഷണത്തിനു മുന്നോടിയായി എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ് മാർ ആന്റണി കരിയിൽ ദീപം തെളിയിക്കുന്നു. റവ.ഡോ. ഏബ്രഹാം ഒലിയപ്പുറത്ത്, ഫാ. ജിമ്മിച്ചൻ കർത്താനം, പ്രോഗ്രാം കൺവീനർ നിതിൻ തോമസ്, ഡോ.ഷൈനി പാലാട്ടി എന്നിവർ സമീപം.**

# കൊച്ചി വിശ്വമാനവികതയുടെ രൂപകം: എൻ.എസ്. മാധവൻ

## * ഭാരതമാതാ കോളജിൽ കർദിനാൾ പാറേക്കാട്ടിൽ അനുസ്മരണ പ്രഭാഷണം നടത്തി

**കൊച്ചി:** ലോകത്തിലെ എല്ലാ മതങ്ങൾക്കും വിവിധ രാജ്യങ്ങളിലെ പൗരന്മാർക്കും സ്വാഗതമരുളുകയും അഭയമാവുകയും ചെയ്തിട്ടുള്ള കൊച്ചി, വിശ്വമാനവികതയുടെ രൂപകമാണെന്ന് എഴുത്തുകാരൻ എൻ.എസ് മാധവൻ അഭിപ്രായപ്പെട്ടു. തൃക്കാക്കര ഭാരതമാതാ കോളജിൽ 'കൊച്ചിയുടെ ചരിത്ര വർത്തമാനങ്ങൾ' എന്ന വിഷയത്തിൽ 19-ാം മത് കർദിനാൾ ജോസഫ് പാറേക്കാട്ടിൽ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പലയിടത്തും നിന്നും പല മതങ്ങളും സംസ്കാരങ്ങളും കുടിയേറിപ്പാർത്തിട്ടുള്ള കൊച്ചിയുടെ കഴിഞ്ഞ 700 വർഷത്തെ ചരിത്രം പരിശോധിച്ചാൽ ഒരു ആഭ്യന്തര കലഹം പോലും ഈ നഗരത്തിൽ രൂപപ്പെട്ടിട്ടില്ല. ഇത് കൊച്ചി നഗരത്തിന്റെ മഹത്വം വിളിച്ചോതുന്ന കാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ് മാർ ആന്റണി കരിയിൽ അധ്യക്ഷത വഹിച്ചു.

കോളജ് മാനേജർ റവ.ഡോ. ഏബ്രഹാം ഒലിയപ്പുറത്ത്, പ്രിൻസിപ്പൽ ഡോ.ഷൈനി പാലാട്ടി, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിമ്മിച്ചൻ കർത്താനം, പ്രോഗ്രാം കൺവീനർ നിതിൻ തോമസ് എന്നിവർ പ്രസംഗിച്ചു.

2021- 2022 അക്കാദമിക വർഷത്തിൽ വിവിധ രംഗങ്ങളിൽ മികവ് പുലർത്തിയ അധ്യാപകർക്കും വിദ്യാർഥികൾക്കുമുള്ള കർദിനാൾ പാറേക്കാട്ടിൽ മെമ്മോറിയൽ എക്സലൻസ് അവാർഡുകൾ സമ്മേളനത്തിൽ വിതരണം ചെയ്തു.